പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 6439

31.10.2011 ൽ
മറുപടിയ്ക്ക്

## കൊരട്ടി ഇൻഫോപാർക്കിന് സെസ് പദവി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പ് മന്ത്രി) |
| എ) കൊരട്ടി ഇൻഫോപാർക്കിന് സെസ് പദവി ലഭിക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുമോ ; | എ) ആവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് കൊരട്ടി ഇൻഫോപാർക്കിന് സെസ് പദവി ലഭിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതാണ്. |
| ബി) കൂടുതൽ ഭൂമി ലഭ്യമാക്കുന്നതടക്കമുള്ള കാര്യങ്ങളിൽ കാര്യക്ഷമമായും അടിയന്തിരമായും നടപടികൾ സ്വീകരിക്കുമോ ? | ബി) Vaigai Threads-ൽ നിന്നും റവന്യൂ വകുപ്പ് ഏറ്റെടുത്ത 45.32 ഏക്കർ സ്ഥലത്തിൽ നിന്നും 30 ഏക്കർ സ്ഥലം കൊരട്ടി ഐ.ടി. പാർക്ക് നിർമ്മാണത്തിന് ഐ.ടി. വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. ഇതിൽ 10.6 ഏക്കർ ഭൂമിയിലുള്ള കെട്ടിടങ്ങളെ പുതുക്കി വിവിധ ഐ.ടി. കമ്പനികൾക്കായി നല്കിയിട്ടുണ്ട്. ബാക്കി അവശേഷിക്കുന്നത് 19.40 ഏക്കർ ഭൂമിയാണ്. സെസ് പദവി ലഭ്യമാക്കണമെങ്കിൽ കുറഞ്ഞത് 25 ഏക്കർ ഭൂമി ആവശ്യമാണ്. ഇതിലേയ്ക്കായി റവന്യൂ വകുപ്പിന്റെ കൈവശമുള്ള 15.32 ഏക്കർ ഭൂമിയും കൂടി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ Vaigai Threads ഭൂമി തിരിച്ചെടുക്കുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ഈ കേസിന്റെ അന്തിമവിധി അനുകൂലമായാൽ മാത്രമെ അധിക ഭൂമി ഐ.ടി. വകുപ്പിന് ലഭിക്കുകയുള്ളൂ |

(ഒപ്പ്)
സെക്ഷൻ ഓഫീസർ